റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി പുരോഗമിച്ചുവരുന്നു. 14 ജില്ലാ കളക്ട്രേറ്റുകളിലും 63 താലൂക്കാഫീസുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുകഴിഞ്ഞു.

(ബി) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം താലൂക്ക് തലത്തിലാണ് നടപ്പാക്കുന്നത്. വില്ലേജ് തലത്തിലുള്ള വിവരങ്ങൾ കണക്കാക്കിയിട്ടില്ല.

(സി) റവന്യൂ രേഖകളുടെ 93.47% നാളിതുവരെ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ഡി) പ്രാവർത്തികമാക്കിവരുന്നു.

(ഇ) നാളിതുവരെയായി 956.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഏകീകൃത സർവ്വകലാശാല നിയമം

7 [*256] ശ്രീ. മത്തായി ചാക്കോ:
,, എ. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത സർവ്വകലാശാല നിയമം നടപ്പിലാക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേരള, കാലിക്കറ്റ് സർവ്വകലാശാലാ നിയമങ്ങളിൽ എന്തെങ്കിലും ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ സർവ്വകലാശാലകളിലാണ് ഇപ്പോൾ സെനറ്റ് ഇല്ലാത്തത്; സെനറ്റ് ഇല്ലാത്ത സർവ്വകലാശാലകളിൽ സെനറ്റ് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) കേരള, കാലിക്കറ്റ് സർവ്വകലാശാലകളിലെ നിലവിലുള്ള സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ട് പുതിയ സിൻഡിക്കേറ്റുകളെ നോമിനേറ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഏകീകൃത സർവ്വകലാശാലാ ബില്ലിൽ സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പുകൾക്ക് പകരം പുതിയ നിയമ നിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. വിവിധ കോണുകളിൽനിന്നും ഉയർന്ന എതിർപ്പും ഇത് സംബന്ധിച്ച് ഉണ്ടായ വിവാദവും കണക്കിലെടുത്ത് സമവായത്തിന്റെയും സമന്വയത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനാണ് ബിൽ പിൻവലിക്കാൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഭേദഗതികൾ താഴെ പറയുന്നവയാണ്:

1. സെനറ്റിലെ ബിരുദധാരികളുടെ മണ്ഡലം നിറുത്തലാക്കൽ
2. സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും കാലാവധി പരസ്പരം പൂരകമാക്കൽ
3. അഫിലിയേറ്റഡ് കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള വകുപ്പ് ചേർക്കൽ
4. സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് മാനദണ്ഡം നിശ്ചയിക്കൽ
5. കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റുകൾക്ക് പകരം ഇടക്കാല ഭരണ സമിതി രൂപീകരിക്കൽ.

(സി) കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ ഇപ്പോൾ സെനറ്റ് നിലവിലില്ല. സെനറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അതത് സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(ഡി) കാലാവധി കഴിഞ്ഞും, ഒരു വർഷത്തിലേറെയായി തുടർന്നുവന്ന കേരള, കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റുകൾ പിരിച്ചുവിട്ട് ഇടക്കാല ഭരണ സമിതിയെ നോമിനേറ്റ് ചെയ്തിട്ടുണ്ട്.

(ഇ) സ്വാശ്രയ കോളേജുകളുടെ ഫീസ്/വിദ്യാർത്ഥി പ്രവേശനം എന്നിവ സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ നിയമം ഇപ്പോൾ സുപ്രീം കോടതി മുൻപാകെ നിലവിലുള്ള കേസിൽ വിശകലനം ചെയ്യുന്നുണ്ട്. നിയമസഭയുടെ മുൻപാകെ ഇപ്പോൾ നിലവിലുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) സ്വാശ്രയ കോളേജുകളിലെ ഭൗതിക സൗകര്യം, അദ്ധ്യാപകരുടെ യോഗ്യത തുടങ്ങിയ കാര്യങ്ങളിൽ വ്യവസ്ഥകളുണ്ടാക്കാൻ യൂണിവേഴ്സിറ്റിക്ക് അധികാരം നൽകുന്ന വകുപ്പുകളുണ്ട്.

റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും

8 [*257] ശ്രീ. വി. കെ. സി. മമ്മത്കോയ:

,, എം. വി. ജയരാജൻ:

ശ്രീമതി ഗിരിജ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പുനഃക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ ഏറ്റെടുക്കാൻ മരാമത്ത് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് സമയബന്ധിതമായ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly